പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിലെ
തൊഴിലാളികൾക്കുള്ള ശമ്പളക്കുടിശ്ശിക

1284. [1750] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിന്റെ പ്രവർത്തനം പൂർണ്ണമായും സ്തംഭിച്ചത് എന്നാണെന്ന് വിശദമാക്കുമോ ;

(ബി) തൊഴിലാളികൾക്ക് പണിയെടുത്ത കാലത്തെ ശമ്പളം കൊടുക്കുവാൻ ബാക്കിയുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(സി) ഈ സംഖ്യ കൊടുക്കുവാൻ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് എന്നു വ്യക്തമാക്കുമോ ;

(ഡി) ജോലിയിൽ നിന്നും പിരിഞ്ഞു പോകുന്ന തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കൊടുക്കാറുണ്ടോ ;

(ഇ) എത്ര സംഖ്യ ഇനിയും കൊടുക്കാനുണ്ട് ;

(എഫ്) ഈ സംഖ്യ കിട്ടുവാനുള്ള തൊഴിലാളികളുടെ ബണ്ണം എത്ര ;

(ജി) മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ഒത്തുതീർപ്പ് നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ് ;

(എച്ച്) ഈ ഒത്തുതീർപ്പു വ്യവസ്ഥകൾ എന്തെല്ലാം ?

ഉത്തരം

(എ) 7-1-1985 മുതലാണ് പെരുമ്പാവൂർ റയോൺസിന്റെ പ്രവർത്തനം പൂർണ്ണമായും സ്തംഭിച്ചത്.

(ബി) ഈ സ്ഥാപനത്തിലെ തൊഴിലാളികൾക്ക്, പണിയെടുത്ത കാലത്തെ ശമ്പളം (1954 ഡിസംബർ മുതൽ 1985 ജനുവരി 13-ാം തീയതി വരെ) കൊടുക്കുവാൻ ബാക്കിയുണ്ട്. ഏകദേശം 37 ലക്ഷം രൂപ കൊടുക്കുവാനുള്ളതായിട്ടാണ് അറിയുന്നത്.

(സി) ഈ സംഖ്യ കൊടുക്കുന്നതിന് 21-2-1985-ൽ ഉണ്ടായ ഒത്തുതീർപ്പുകരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്,

(ഡി) ജോലിയിൽ നിന്നും പിരിഞ്ഞുപോകുന്ന തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കൊടുക്കാറുണ്ട്.

(ഇ) ഏകദേശം 25 ലക്ഷം രൂപ ഇനിയും കൊടുക്കാനുണ്ട് എന്നാണ് അറിയുന്നത്.

(എഫ്) സംഖ്യ ലഭിക്കാനുള്ള തൊഴിലാളികളുടെ എണ്ണം കൃത്യമായി അറിയില്ല. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ഒത്തുതീർപ്പുകരാർ കമ്പനി നടപ്പിലാക്കാത്തത് ഇൻഡസ്ട്രിയൽ ഡെവലപ്പുമെന്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിന്നും വായ്പകിട്ടാത്തതുകൊണ്ടാണ്.

21-2-1985-ലെ ഒത്തുതീർപ്പു വ്യവസ്ഥകൾ താഴെ പറയുന്നവയാണ്:

1. 1984 ഡിസംബർ മാസം മുതൽ 1985 ജനുവരി മാസം വരെയുള്ള ശമ്പള കുടിശ്ശിക തവണകളായി കൊടുക്കേണ്ടതാണ്. കമ്പനി തുറന്നു മൂന്നു മാസം കഴിഞ്ഞശേഷം അതായത് ജൂണിൽ കൊടുക്കേണ്ട മേയ് മാസത്തെ ശമ്പളത്തോടൊപ്പം അത് കൊടുത്തുതുടങ്ങും.

LIBRARY ARCHIVES Kerala Legislative Assembly

2. എല്ലാ മാസവും 30 ലക്ഷം രൂപ വേതനത്തിനും ഒന്നാം ഖണ്ഡികയിൽ പറയുന്ന കുടിശികയിനത്തിലേക്കും കൊടുക്കുവാനായി നീക്കിവയ്ക്കുന്നതാണ്.

3. ശമ്പളം കണക്കാക്കുന്നത് 1984, 1985 എന്നീ വർഷങ്ങളിലെ ഇൻക്രിമെന്റ് സഹിതമായിരിക്കും.

4. കമ്പനി 1985 മാർച്ച് മാസം ഒന്നാം തീയതി പ്രവർത്തനം ആരംഭിക്കുന്നതും കീഴ്വഴക്കമനുസരിച്ചുള്ള രീതിയിൽ എല്ലാ തൊഴിലാളികൾക്കും പ്രവർത്തി കൊടുക്കുന്നതുമാണ്.

5. രണ്ടാം ഖണ്ഡികയിൽ പറയുന്ന 30 ലക്ഷം രൂപയിൽ നിന്നും ഇൻക്രിമെന്റ് സഹിതമുള്ള ശമ്പളം കൊടുത്തശേഷം ബാക്കിയുള്ള തുക കുടിശികയുടെ തവണകളായി കൊടുക്കുന്നതാണ്.

6. 1985 ജനുവരി 6-ാം തീയതി മുതൽ 13-ാം തീയതിവരെ പ്രവർത്തി എടുത്തവർക്ക് ശമ്പളം ഒന്നാം ഖണ്ഡികയിൽ പറയുന്ന കുടിശികയോടൊപ്പം കൊടുക്കുന്നതാണ്.

7. ഈ തൊഴിൽ തർക്കത്തെ തുടർന്നുണ്ടായ നടപടികളുടെ പേരിൽ ശിക്ഷണ നടപടികളും എടുക്കുന്നതല്ല. എന്നാൽ അട്ടിമറി ഉണ്ടായ കേസുകൾക്ക് ഇത് ബാധകമല്ല.

8. ഈ ഒത്തുതീർപ്പ് വ്യവസ്ഥകളെ സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടായാൽ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ തീരുമാനത്തിന് വിടുന്നതും ആ തീരുമാനം ഇരുകക്ഷികളും നടപ്പാക്കാൻ ബാദ്ധ്യസ്ഥരുമാണ്.

9. ബാക്കിയുള്ള പ്രവർത്തനങ്ങൾ റീജിയണൽ ലേബർ കമ്മീഷണറുടെ എറണാകുളം സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്തു തീരുമാനിക്കുന്നതാണ്.

## മാങ്ങോട് റബ്ബർ എസ്റ്റേറ്റിലെ തൊഴിലാളികൾ

1285. [1751] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ താലൂക്കിൽ കണ്ണംപ്ര പഞ്ചായത്തിൽ മാങ്ങോട് റബ്ബർ എസ്റ്റേറ്റിൽ ഇരുന്നൂറോളം തൊഴിലാളികൾക്കു ജോലി നിഷേധിച്ചസംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) മാങ്ങോട് എസ്റ്റേറ്റിലെ പണിമുടക്ക് സമരം അവസാനിപ്പിക്കുന്നതിനെ സംബന്ധിച്ച് തൊഴിലാളി സംഘടനകളിൽ നിന്നു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ വല്ല തീരുമാനവും സർക്കാർ എടുത്തിട്ടുണ്ടോ ?

### ഉത്തരം

(എ) മാങ്ങോട് റബ്ബർ എസ്റ്റേറ്റിൽ ഉണ്ടാക്കിയ ത്രികക്ഷി തീരുമാനത്തെ ലംഘിച്ചു എന്ന ആരോപണത്തെ തുടർന്ന് അവിടത്തെ ജോലി നിന്നുപോയതായി അറിയാം.

LIBRARY ARCHIVES Kerala Legislative Assembly